**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2395 14.06.2019-ലെ മറുപടിയ്ക്ക്

## ഇടക്കൊച്ചിയിൽ ക്രിക്കറ്റ് സ്റ്റേഡിയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) കേരള ക്രിക്കറ്റ് അസോസിയേഷൻ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഇടക്കൊച്ചിയിൽ വാങ്ങിയ 24 ഏക്കർ ഭൂമിയിൽ ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) അതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;<br>(സി) ചക്കനാട് പാടശേഖരം എന്നറിയപ്പെട്ടിരുന്നതും കൃഷിചെയ്യാതെ കാടുപിടിച്ച് മാരക രോഗങ്ങൾ പടർത്തുന്ന കൊതുകളുടെയും ക്ഷുദ്ര ജീവികളുടെയും പാമ്പുകളുടെയുമെല്ലാം വാസസ്ഥലമായി മാറി നിലവിൽ പ്രദേശവാസികളുടെ ജീവന് ഭീഷണി സൃഷ്ടിക്കുന്നതുമായ കേരള ക്രിക്കറ്റ് അസാോസിയേഷന്റെ കൈവശമുള്ള പ്രസ്തുത ഭൂമി ഉപയോഗയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) | സ്ഥലം വിലയ്ക്ക് വാങ്ങിയത് കേരള ക്രിക്കറ്റ് അസോസിയേഷനാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ സർക്കാരിന്റെയോ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയോ നിയന്ത്രണത്തിലല്ല പ്രവർത്തിക്കുന്നത്. ആയതിനാൽ വിശദാംശം ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**